"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത്- 2018 - 19 വർഷത്തെ ക്യൂ ബിൽ തുക അനുവദിക്കാത്തതിനെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകുമെന്ന 28/05/2019 -ലെ ഭരണ സമിതി യോഗത്തിലെ 1 (4) -ാം നമ്പർ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2089/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/10/2021

പരാമർശം:-

1. 15.05.2019 ലെ സ.ഉ.(സാധാ) നം. 990/2019 /ത.സ്വ.ഭ.വ. ഉത്തരവ്
2. മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 28/05/2019 -ലെ യോഗത്തിലെ 1 (4) -ാം നമ്പർ തീരുമാനം
3. മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.06.2019 തീയതിയിലെ G2 4800/15നമ്പർ കത്ത്
4. 24.08.2019 ലെ സ.ഉ.(സാധാ.) നം. 1825/2019/ത.സ്വ.ഭ.വ ഉത്തരവ്
5. ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ 16.08.2021 ലെ ഉത്തരവ്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ മാർച്ച് 31 ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കിയ 24,01,73,975 രൂപയുടെ ബില്ലുകൾ പ്രകാരമുള്ള തുക ട്രഷറിയിൽ നിന്ന് അനുവദിക്കുകയുണ്ടായില്ല എന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിനെതിരായി ബഹു. ഹൈക്കോടതിയെ സമീപിക്കുവാൻ മലപ്പുറം ജില്ലാ പഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിരുന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ പ്രസ്തുത തീരുമാനം താൽകാലികമായി നിർത്തി വയ്ക്കുന്നതിന് പരാമർശം (4) പ്രകാരം ഉത്തരവാകുകയും വിഷയം നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും, നിഗമനങ്ങൾ സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യുകയും ചെയ്തിരുന്നു.

2) പദ്ധതി തുക ക്രമപ്രകാരം ചെലവാക്കാതെ മാർച്ച് മാസത്തിൽ തട്ടിക്കൂട്ടി പ്രവർത്തികൾ ചെയ്തത് മൂലമാണ് 24,01,73,975 രൂപ ഒരുമിച്ച് കടിശ്ശിക ആയതെന്നും സാമ്പത്തിക വർഷാന്ത്യം കടിശ്ശിക ഒന്നിച്ച് നൽകുവാൻ സർക്കാരിന് സാധ്യമാകാതെ വന്നു എന്നും മേൽ സാഹചര്യത്തിൽ 28-05-2019 -ലെ 1(4) നമ്പർ വിവാദ തീരുമാനം നിയമവശാലോ കാര്യവശാലോ ശരിയല്ല എന്നും സർക്കാരിനെതിരെ വ്യവഹാരപ്പെട്ട് പണം അനുവദിപ്പിക്കാമെന്ന ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനം അംഗീകരിക്കാനാവാത്തതിനാൽ ആയത് റദ്ദ് ചെയ്യാവുന്നതുമാണ് എന്ന് പരാമർശം (5) പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് ആക്ട് 191 (2) പ്രകാരം മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 28/05/2019 -ലെ ഭരണ സമിതി യോഗത്തിലെ 1(4) -ാം നമ്പർ തീരുമാനം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുനിത ഐ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്.

ബഹു .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

ധനകാര്യ വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്